# കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

**വിഷയം:** കെ.എസ്.ബി.ബി. ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ പി.ബി.ആർ. ഭാഗം തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയും പ്രവർത്തനരീതികളും സംബന്ധിച്ച്

---

**സാങ്കേതിക വിഭാഗം**

നം.എ6/1051/2023/കെ.എസ്.ബി.ബി. തീയതി:#ApprovedDate

---

പരാമർശം:

1. കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008
2. സർക്കാർ ഉത്തരവ് നം. G.O. (MS) 86/08/LSGD, തീയതി 18.03.2008.
3. 19.04.2022 ലെ സ.ഉ.(കൈ)നം. 84/2022/ തസ്വഭവ നമ്പർ ഉത്തരവ്.
4. 19.04.2022 ലെ സ.ഉ.(കൈ)നം. 86/2022/ തസ്വഭവ നമ്പർ ഉത്തരവ്.
5. 17.06.2020 ലെ ഡിഎ1/141/2020 തസ്വഭവ നമ്പർ ഉത്തരവ്.
6. 31.08.2022 ലെ കെ.എസ്.ബി.ബി. ഉത്തരവ് നം. 3016/6/2022/കെ.എസ്.ബി.ബി.

## പരിപത്രം

ജൈവവൈവിധ്യ സംരക്ഷണം നടപ്പിലാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, അവയുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വമായ പങ്കുവെയ്ക്കൽ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2002 ൽ ദേശീയ ജൈവവൈവിധ്യ നിയമവും, 2004 ൽ ജൈവവൈവിധ്യ ചട്ടങ്ങളും കൂടാതെ 2008 ൽ സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങളും നിലവിൽ വന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ (Biodiversity Management Committee- BMC) രൂപീകരിക്കുകയുണ്ടായി. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ആദ്യപടി എന്നത് ഓരോ പ്രദേശത്തേയും ജൈവവൈവിധ്യവും, പരമ്പരാഗത അറിവുകളും, നാട്ടറിവുകളും രേഖപ്പെടുത്തി പുസ്തക രൂപത്തിൽ (ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ) തയ്യാറാക്കി സൂക്ഷിക്കുക എന്നുള്ളതാണ്. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ അഥവാ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ (പി.ബി.ആർ-PBR) എന്നത് പ്രാദേശിക ജൈവവൈവിധ്യവും പരമ്പരാഗത അറിവുകളും, നാട്ടറിവുകളും രേഖപ്പെടുത്തുന്ന അടിസ്ഥാന രേഖയാണ്. തുടർന്ന്, പരാമർശം 1, 2, എന്നിവ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. തയ്യാറാക്കൽ പദ്ധതി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ (കെ.എസ്സ്.ബി.ബി) സാങ്കേതിക മേൽനോട്ടത്തിൽ ബി.എം.സി. മുഖാന്തിരം നടപ്പിലാക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തു.

ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കലും, അവയുടെ കാലാനുസൃതമായ പുതുക്കലും ബി.എം.സി.കളുടെ പ്രധാന ചുമതലയാണ്. കൂടാതെ പി.ബി.ആറിന്റെ അടിസ്ഥാനത്തിൽ ജൈവവൈവിധ്യം പരിപാലിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും സമയബന്ധിത പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തവുമാണ്. നിലവിലെ പി.ബി.ആറുകളിൽ പലതും തയ്യാറാക്കിയിട്ട് 5 മുതൽ 10 വർഷത്തിലേറെയായതിനാൽ, അവയിലെ വിവരങ്ങൾ പലതും കാലാനുസൃതമായി

പുതുക്കേണ്ടതുണ്ട്. മാത്രമല്ല ആദ്യഘട്ട പി.ബി.ആറുകളിലെ ന്യൂനതകളും, വിവരങ്ങളുടെ അഭാവങ്ങളും കണ്ടെത്തി പരിഹരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. തുടർന്ന് പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും പി.ബി.ആർ. കാലാനുസൃതമായി പുതുക്കുന്നതിനുള്ള നിർദ്ദേശം പരാമർശം 2 ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിക്കുകയും അതിൻ പ്രകാരം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് പി.ബി.ആർ പുതിയ മാർഗരേഖകളും പ്രവർത്തനരീതികളും തയ്യാറാക്കിയിട്ടുമുണ്ട്.

**പി.ബി.ആർ. പുതുക്കൽ (രണ്ടാം ഭാഗം തയ്യാറാക്കൽ) പൊതു നിർദ്ദേശങ്ങൾ**

---

1. പി.ബി.ആർ. പുതുക്കലിൽ പ്രധാന പങ്കുവഹിക്കുന്നത് പ്രാദേശിക ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ) ആണ്.
2. പി.ബി.ആർ. പുതുക്കൽ പ്രക്രിയയിൽ, പ്രാദേശിക സമുദായങ്ങളുടെ പങ്കാളിത്തം പ്രധാനമായും ഉറപ്പുവരുത്തേണ്ടതാണ്. അവരുടെ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള അറിവുകളും സംരക്ഷണപരമായ സമീപനങ്ങളും പി.ബി.ആർ. പുതുക്കൽ പ്രക്രിയയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.
3. പി.ബി.ആർ. തയ്യാറാക്കുന്നതിന്റെ വിശദാംശങ്ങൾ ഗ്രാമസഭ/വാർഡുസഭ എന്നിവയിൽ ഒരു പ്രത്യേക അജൻഡയായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്.
4. പുതിയ വിവരങ്ങൾ ശേഖരിക്കുന്നതിന് സർവേകൾ, അഭിമുഖങ്ങള് എന്നിവ സംഘടിപ്പിക്കുന്നതിന് വിവര ശേഖരണ വോളണ്ടിയർമാരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.
5. ജനങ്ങളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ സാങ്കേതിക സഹായ വിഭാഗത്തിലെ (Technical Support Group-TSG) വിദഗ്ധരുടെ സഹായത്തോടെ ഒത്തുനോക്കുകയും വിശകലനം ചെയ്യുകയും സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.
6. പാരമ്പര്യ അറിവുകളും, നാട്ടുവൈദ്യന്മാരിൽ നിന്നും ലഭ്യമാകുന്ന അറിവുകളും, അതാത് അറിവുടമകളുടെ സമ്മതത്തോടെ മാത്രമേ രജിസ്റ്ററിൽ ഉൾപ്പെടുത്താവൂ. (പൂർവ്വാനുമതി പത്രം - ഫോറം 2.4) വിവരശേഖരണ ഫോറങ്ങൾക്കൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയതു ബോർഡിന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമാണ്).
7. പുതിയ സ്പീഷീസുകളുടെ വിവരങ്ങൾ (രാത്രിയും പകലുമായുള്ള സർവേയുടെ അടിസ്ഥാനത്തിൽ), പ്രാദേശിക സമൂഹത്തിൻറെ ജൈവവൈവിധ്യ ഉപയോഗങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ, പ്രാദേശിക പരിസ്ഥിതിയിൽ സംഭവിച്ച മാറ്റങ്ങൾ എന്നിവ മുഖ്യമായും പുതുക്കിയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.
8. നിലവിലെ പി.ബി.ആറുകൾ ഇ-പി.ബി.ആറുകളായി (ഡിജിറ്റലൈസ്ഡ് പി.ബി.ആർ.) മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആയതിനാൽ പി.ബി.ആർ. രണ്ടാം ഭാഗത്തിനുവേണ്ടി തയ്യാറാക്കുന്ന ഡി.ടി.പി (ഡിജിറ്റൽ ഫയലുകൾ) ഫയലുകൾ ഇ-പി.ബി.ആർ തയ്യാറാക്കുന്ന വേളയിൽ അത്യാവശ്യമായതിനാൽ ആയത് നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതും ആയതിന്റെ ഒരു കോപ്പി ജൈവവൈവിധ്യ രജിസ്റ്റർ രണ്ടാം ഭാഗം സമർപ്പിക്കുന്നതിനൊപ്പം ബോർഡിൽ നൽകേണ്ടതുമാണ്.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജൈവവൈവിധ്യ രജിസ്റ്റർ (രണ്ടാം ഭാഗം) തയ്യാറാക്കൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങേണ്ടതും, ആവശ്യമായ തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നോ (ബേസിക് ഗ്രാന്റ്), തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ വകയിരുത്തേണ്ടതുമാണ്.

**പി.ബി.ആർ പുതുക്കൽ (രണ്ടാം ഭാഗം തയ്യാറാക്കൽ) - പ്രവർത്തനരീതി**
**(ആകെ കാലാവധി 6 മാസം)**

**ഘട്ടം 1 – പ്രാഥമിക പ്രവർത്തനം-വിവിധ സമിതികളുടെ രൂപികരണം (സമയ പരിധി - 2 മാസം)**

1. **മേൽനോട്ട സമിതി രൂപീകരണം:**- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി (BMC), 'ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം' എന്നീ വർക്കിംഗ് ഗ്രൂപ്പ്.
2. **നിർവ്വഹണ സമിതി:**- ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.).
3. **വിഷയ വിദഗ്ദ ഗ്രൂപ്പ് രൂപീകരണം (Technical Expert Group):**- പ്രദേശത്തെ സ്കൂൾ/കോളേജ് അധ്യാപകർ, ഗവേഷകർ, സിറ്റിസൺ സയന്റിസ്റ്റുകൾ, അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പരിസ്ഥിതി-ജൈവവൈവിധ്യ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ, പ്രാദേശികതല വിദഗ്ദർ).
4. **വിവരശേഖരണ വോളന്റിയർമാരെ തിരഞ്ഞെടുക്കൽ:**- ഓരോ വാർഡിൽ നിന്നും കുറഞ്ഞത് രണ്ടു വോളന്റിയർമാരെ തിരഞ്ഞെടുക്കാവുന്നതാണ്. (കോളേജ് വിദ്യാർത്ഥികൾ, ജൈവവൈവിധ്യ ക്ലബ്ബുകൾ, അധ്യാപകർ, പരിസ്ഥിതി പ്രവർത്തകർ, വന സംരക്ഷണ സമിതി അംഗങ്ങൾ, ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾ, കർഷകർ, അനുബന്ധ വകുപ്പുകളിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങിയവർ അഭികാമ്യം).

**ഘട്ടം 2 – വിശകലനം, പരിശീലനം, വിവര ശേഖരണം (സമയ പരിധി - 2 മാസം)**

1. **നിലവിലെ പി.ബി.ആർ. വിശകലനം:**- മേൽനോട്ട സമിതി, നിർവ്വഹണ സമിതി, വിഷയ വിദഗ്ദ ഗ്രൂപ്പ്, വോളന്റിയർമാർ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നിലവിലെ പി.ബി.ആർ. വിശദമായി വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് വിഷയ വിദഗ്ദ ഗ്രൂപ്പ് തയ്യാറാക്കേണ്ടതുമാണ്.
2. **പരിശീലനം:**- പി.ബി.ആർ പുതുക്കൽ സംബന്ധിച്ച പരിശീലനം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നൽകുന്നതാണ്.
   a. ***ആദ്യഘട്ട പരിശീലനം:***- മേൽനോട്ട സമിതി, നിർവ്വഹണ സമിതി, വിഷയ വിദഗ്ദ ഗ്രൂപ്പ്, നിർവ്വഹണഉദ്യോഗസ്ഥന്മാർ, വോളന്റിയർമാർ എന്നിവരാണ് ആദ്യഘട്ട പരിശീലന പരിപാടിയിൽ ഉൾപ്പെടുന്നത്.
   b. ***തുടർ പരിശീലനം:***- ആദ്യ ഘട്ട പരിശീലനം ലഭിച്ചവർ ബി.എം.സി. യുടെ നേതൃത്വത്തില് വോളന്റിയര്മാര്ക്ക് പരിശീലനം നൽകേണ്ടതാണ്.
3. **വിവരശേഖരണം:**- പി.ബി.ആർ വിശകലനത്തിന്റെയും, പി.ബി.ആർ. രണ്ടാം ഭാഗം തയ്യാറാക്കുന്നതിനുള്ള നിർദ്ദിഷ്ട ഫോറങ്ങൾ അടിസ്ഥാനമാക്കിയുമാണ് വിവരശേഖരണം നടത്തേണ്ടത്.

4. വിവര സ്രോതസ്സ് -
   a. ***പ്രാഥമിക സ്രോതസ്സ് (Primary Data):-*** നേരിട്ടുള്ള വിവര ശേഖരണം:- പ്രാദേശിക ശില്പശാല നടത്തി (തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻ, ജനപ്രതിനിധികൾ, ബി.എം.സി. അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട്) വിവരശേഖരണ ഫോറത്തിലെ നിർദ്ദിഷ്ട വിവരങ്ങൾ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ ഫീൽഡ് സന്ദർശനം (രാത്രിയും പകലുമായുള്ള), നിരീക്ഷണം, പരമ്പരാഗത അറിവുടമകളുമായുള്ള ഫോക്കസ് ഗ്രൂപ്പ് അഭിമുഖം തുടങ്ങിയവയിലൂടെ വിവരശേഖരണ പ്രക്രിയ തുടർന്ന് നടത്തേണ്ടതാണ്.
   b. ***ദ്വിതീയ സ്രോതസ്സ് (Secondary Data):-*** പി.ബി.ആർ. വിവര ശേഖരണ ഫോറത്തിലേയ്ക്ക് ആവശ്യമായതും അനുബന്ധ വകുപ്പുകളിൽ ലഭ്യമായതുമായ വിവരങ്ങളുടെ ശേഖരണം, ക്രോഡീകരണം എന്നിവയാണ് തുടർന്ന് നടത്തേണ്ടതാണ്. (ഉദാ. നീർത്തട വികസന രേഖ, Statistical വകുപ്പില് നിന്നുമുള്ള Baseline data report, Local Action Plan on Climate Change, നഗരാസൂത്രണ പ്ലാൻ/റിപ്പോർട്ട്, വികസന രേഖ, പദ്ധതി രേഖ, സെൻസസ് റിപ്പോർട്ട്, എസ്.സി./എസ്.ടി. സർവേ റിപ്പോർട്ട്, ജില്ലാ ആസൂത്രണ പദ്ധതി രേഖ, നിയമസഭ മണ്ഡലതല റിപ്പോർട്ട്, വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ റിപ്പോർട്ട്, ലാന്റ് യൂസ് ബോർഡ് മാപ്പുകൾ, ജി.ഐ.എസ്. മാപ്പിംഗ്, സാമൂഹിക സാമ്പത്തിക സർവേ റിപ്പോർട്ട്, വിഭവ ഭൂപട റിപ്പോർട്ട്, ദുരന്ത നിവാരണ പദ്ധതിരേഖ, പഞ്ചായത്തുതല ചരിത്രരേഖ, വിവിധ ഗവേഷണ പ്രബന്ധങ്ങൾ തുടങ്ങിയവ).

**ഘട്ടം 3 – വിവര ക്രോഡീകരണം, പി.ബി.ആർ. തയ്യാറാക്കൽ, സമർപ്പണം - (സമയ പരിധി - 2 മാസം).**

1. **ക്രോഡീകരണം:-** വിവര സ്രോതസ്സുകളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ ക്രോഡീകരണം വോളന്റിയർമാരും വിഷയ വിദഗ്ദ ഗ്രൂപ്പ് അംഗങ്ങളും ചേർന്ന് നടത്തേണ്ടതാണ്. ഈ ക്രോഡീകരിച്ച വിവരങ്ങൾ പി.ബി.ആറിൽ ഉൾപ്പെടുത്തുന്നതിന് മുൻപ് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഓഫീസർമാരാൽ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ് (ഉദാ: കാർഷിക മേഖലയിലെ വിവരങ്ങൾ കൃഷി ഓഫീസറും, മത്സ്യബന്ധന മേഖലയിലെ വിവരങ്ങൾ ഫിഷറീസ് ഇൻസ്പെക്ടർ വെറ്റനറി ഓഫീസർ, വന മേഖലയിലെത് വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പരിശോധിച്ച് സാധുത ഉറപ്പുവരുത്തേണ്ടതാണ്).
2. **വിലയിരുത്തൽ:-** മേൽനോട്ട സമിതി, വിഷയ വിദഗ്ദ ഗ്രൂപ്പ്, കെ.എസ്.ബി.ബി. ജില്ലാകോർഡിനേറ്റർ എന്നിവർ ഉൾപെടുന്ന സംഘം മതിയായ വിലയിരുത്തൽ നടത്തി കുറ്റമറ്റ രീതിയിലുള്ള ഡാറ്റാ ബി.എം.സി. യ്ക്ക് നൽകേണ്ടതാണ് (വിലയിരുത്തലിന് ആവശ്യമെങ്കിൽ കെ.എസ്.ബി.ബി. യുടെ ജില്ലാതല റ്റി.എസ്.ജി. അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്).
3. **ഡാറ്റാ എൻട്രി:-** പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റൻമാരുടെ ഉത്തരവാദിത്തത്തിലാവണം ഡാറ്റാ എൻട്രി നടത്തേണ്ടത്. പരാമർശം 5 ഉത്തരവ്

പ്രകാരം ഇ-പി.ബി.ആർ തയാറാക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാരെ ചുമതലപ്പെടുത്താൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ അഭാവത്തിൽ പി.ബി.ആർ. രണ്ടാം ഭാഗം ഹാർഡ് കോപ്പി തയ്യാറാക്കുന്നതിനും വിവരങ്ങൾ ഇ-പി.ബി.ആറിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരാളെ (ടി. വിഷയങ്ങളിൽ പ്രവീണ്യമുള്ളതും കംപ്യൂട്ടർ പരിജ്ഞാനം ഉള്ളതുമായ) രണ്ടുമാസത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് നിയോഗിക്കാവുന്നതാണ്.

4. **അംഗീകാരം നൽകൽ:-** തയ്യാറാക്കിയ പി.ബി.ആർ. ബി.എം.സി. അംഗീകരിച്ച ശേഷം, പഞ്ചായത്ത് മുനിസിപ്പാലിറ്റി കോർപ്പറേഷൻ ഭരണസമിതി അംഗീകരിച്ച തീരുമാനം സഹിതം പി.ബി.ആർ. രണ്ടാം ഭാഗത്തിന്റെ പകർപ്പ് (സോഫ്റ്റ് കോപ്പി സഹിതം) കെ.എസ്.ബി.ബി. യ്ക്ക് സമർപ്പിക്കുക.
5. **പി.ബി.ആർ. പ്രകാശന ശില്പശാല:-** പൊതുജനങ്ങളുടെ അറിവിലേക്കായി ഒരു ശില്പശാല നടത്തി പി.ബി.ആർ. പ്രകാശനം ചെയ്യുക.

**മറ്റ് നിർദ്ദേശങ്ങൾ**

1. പി.ബി.ആറിനെ ആധാരമാക്കി പഞ്ചായത്ത് മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ നടപ്പിലാക്കേണ്ട ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കി പി.ബി.ആറിന്റെ അനുബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്.
2. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ 'ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം' എന്നീ മേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദേശത്തിന്റെയും BMC യുടെ PBR വിശകലനത്തിന്റെയും അടിസ്ഥാനത്തിലും, ആവശ്യമായ പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.
3. സുസ്ഥിര വികസന ലക്ഷ്യങ്ങളും 23 ജൈവ വൈവിധ്യ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നതിനായി പദ്ധതികൾ പ്രത്യേകമായി കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ എന്നത് രാജ്യത്തിന്റെ ജൈവവൈവിധ്യ സമ്പത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഔദ്യോഗിക പ്രമാണം ആകുന്നു. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും നടപ്പിലാക്കി ജൈവ വൈവിധ്യത്തെയും ബന്ധപ്പെട്ട അറിവുകളെയും നഷ്ടപ്പെടാതെയും കേടുപാടുകൾ കൂടാതെയും സംരക്ഷിച്ച് സൂക്ഷിക്കേണ്ടത് ബി.എം.സി കളുടെ അടിസ്ഥാന ഉത്തരവാദിത്തമാണ്.

Signed by
V Balakrishnan
Date: 20-01-2025 12:08:11

**മെമ്പർ സെക്രട്ടറി**

പകർപ്പ്: എല്ലാ ബി.എം.സി. കൾക്കും., കെ.എസ്.സി.ബി. ജില്ലാ കോർഡിനേറ്റർമാർക്കും.

പി.ബി.ആർ. രണ്ടാംഭാഗം തയ്യാറാക്കൽ മാർഗ്ഗരേഖ പുസ്തകം, മാതൃക ഫോർമുകൾ എനിവ ജൈവവൈവിധ്യ ബോർഡിൻറെ വെബ്സൈറ്റിൽ നിന്നും നേരിട്ട് ഡൌൺലോഡ് ചെയ്തെടുക്കുവാനുള്ള ലിങ്ക്: https://keralabiodiversity.org/?page_id=4436